**പതിമൂന്നാം കേരള നിയമസഭ**

**എട്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട**

**നിയമസഭാ ചോദ്യം നമ്പർ : 152** **25.03.2013-ൽ മറുപടിക്ക്.**

## ജനസൗഹൃദ പോലീസ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. എഫ്. തോമസ്<br>ശ്രീ. തോമസ് ഉണ്ണിയാടൻ<br>ശ്രീ. റ്റി. യു. കുരുവിള<br>ശ്രീ. മോൻസ് ജോസഫ് | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) കേരളാ പോലീസിനെ കൂടുതൽ ജനസൗഹൃദ സേനയായി രൂപപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത് എന്ന് വ്യക്തമാക്കുമോ; | : (എ) പോലീസ് പൊതുജനബന്ധം മെച്ചപ്പെടുത്തിക്കൊണ്ട് കുറ്റകൃത്യങ്ങൾ കുറച്ചുകൊണ്ടുവരുന്നതിനായി കമ്മ്യൂണിറ്റി പോലീസിംഗ് സമ്പ്രദായം കേരളത്തിൽ നടപ്പിലാക്കണമെന്ന് ജസ്റ്റിസ്.കെ.റ്റി.തോമസ് കമ്മീഷൻ ശുപാർശ ചെയ്തിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ കേരളാ പോലീസിനെ ഒരു ജനസൗഹൃദ പോലീസ് സേനയാക്കി മാറ്റുന്നതിനുള്ള വിവിധ തരത്തിലുള്ള പദ്ധതികളാണ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. പ്ലാൻ പദ്ധതിയുടെ ഭാഗമായി നടപ്പിൽവരുത്തിയിട്ടുള്ള കമ്മ്യൂണിറ്റി പോലീസിംഗ് (ജനമൈത്രീ പോലീസ് പദ്ധതി), കുട്ടികളെ പോലീസിലേയ്ക്ക് ആകർഷിപ്പിക്കുന്നതിനും അവരിൽ സാമൂഹ്യബോധം വളർത്തുന്നതിനുമായി നടപ്പിലാക്കിയിട്ടുള്ള സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി, ഫ്ളാഗ് ഷിപ്പ് പ്രോഗ്രാം ഓൺ ജെൻഡർ അവയർനസ്സ്, പോലീസ് സ്റ്റേഷനുകളിൽ വരുന്ന പൊതുജനങ്ങൾക്ക് സൗഹൃദ അന്തരീക്ഷത്തിൽ പരാതികൾ രേഖപ്പെടുത്തുന്നതിനും, വിവരങ്ങൾ അറിയുന്നതിനുമായുള്ള ICT Enabled Help Desks (Information and Communication Technology) കേരളത്തിലെ ഏതൊരു പോലീസ് സ്റ്റേഷനിലും നൽകിയ പരാതിയുടെ ഏറ്റവും പുതിയ അവസ്ഥ പൊതുജനങ്ങൾക്ക് അറിയുന്നതിനുള്ള ടച്ച് സ്ക്രീൻ കിയോസ്ക്കുകൾ, വൃദ്ധജനങ്ങളുടെയും, നിരാലംബരുടെയും സുരക്ഷയ്ക്കായി ഏർപ്പെടുത്തിയിട്ടുള്ള സീനിയർ സിറ്റിസൺ ഹെൽപ്പ് ഡെസ്ക്കുകൾ, പോലീസ് |

(മറുപുറം)

സ്റ്റേഷനുകളിൽ പോകാതെ തന്നെ പരാതി നൽകുന്നതിനുള്ള ഏകജാലക സംവിധാനമായ ഫ്രണ്ട്സ് ജനസേവന കേന്ദ്രം വഴിയുള്ള പരാതി സ്വീകരിക്കൽ എന്നീ പദ്ധതികളാണ് കേരളാ പോലീസിനെ കൂടുതൽ ജനസൗഹൃദ സേനയായി രൂപപ്പെടുത്തുന്നതിനു നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്.

(ബി) പോലീസ് സേനയിൽ ആധുനികവത്കരണവും കാര്യക്ഷമതയും നിലനിർത്തുന്നതിന് സ്വീകരിച്ചു വരുന്ന നടപടികൾ എന്താണെന്ന് വ്യക്തമാക്കുമോ?

: (ബി) പോലീസ് സേനയുടെ ആധുനികവൽക്കരണത്തിനും അതുവഴി സേനയുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുമായി കേന്ദ്ര-സംസ്ഥാന സഹായത്തോടെ വിവിധ പദ്ധതികൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. MoPF Scheme (Moderniztion of Police Force), 13-ാം ധനകാര്യ കമ്മീഷൻ അവാർഡ്, പ്ലാൻ പദ്ധതി തുടങ്ങിയ പദ്ധതികളിലൂടെയാണ് പോലീസ് സേനയെ ആധുനികവൽക്കരിക്കുന്നതിനും, കാര്യക്ഷമമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നത്.

പ്രസ്തുത പദ്ധതികളിലൂടെ പോലീസ് വകുപ്പിനാവശ്യമായ കെട്ടിടങ്ങൾ നിർമ്മിച്ച് നൽകുകയും വാഹനങ്ങൾ, അത്യാധുനിക ആയുധ സാമഗ്രികൾ, നൂതന സാങ്കേതിക സംവിധാനങ്ങൾ, സുരക്ഷയ്ക്കാവശ്യമായ ഉപകരണങ്ങൾ, കമ്മ്യൂണിക്കേഷൻ ഉപകരണങ്ങൾ, ഫോറൻസിക് ലാബിനാവശ്യമായ ഉപകരണങ്ങൾ, ശാസ്ത്രീയ കുറ്റാന്വേഷണം നടപ്പിലാക്കുന്നതിനുള്ള ഉപകരണങ്ങൾ എന്നിവ വാങ്ങി നൽകുകയും ചെയ്തിട്ടുണ്ട്. ഓഫീസ് പ്രവർത്തനം പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിക്കുന്നതിനുള്ള നടപടികളും (*i*APS-Internal Administrative Processing System) നടപ്പിലാക്കിയിട്ടുണ്ട്. കുറ്റാന്വേഷണവും, ക്രമസമാധാന പാലനവും കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ പോലീസ് സിറ്റി ജില്ലകളിൽ അവ വേർതിരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ഇത് കൂടുതൽ ജില്ലകളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ